# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2450** 17.08.2017 ലെ മറുപടി

## ചാലക്കുടിപ്പുഴയിലെ തടയണകൾ

**ചോദ്യം**

**ശ്രീ.ബി.ഡി.ദേവസ്സി:**

**മറുപടി**

**മാത്യൂ ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ചാലക്കുടിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (ബി) മേലൂർ പഞ്ചായത്തിനും ചാലക്കുടി മുനിസിപ്പാലിറ്റിക്കും ഇടയിലായി മണ്ടിക്കുന്ന് ഭാഗത്തുള്ള തടയണയുടെ പര്യവേഷണ പ്രവൃത്തികൾ നടന്നു വരുന്നു. മേലൂർ പഞ്ചായത്തിലുള്ള കൊമ്പൻ പാറക്കടവിലും കുടപ്പുഴയിലും തടയണയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അന്നമട പഞ്ചായത്തിൽ പാലം പുഴക്കടവിൽ നിർമ്മിക്കുവാനുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തികൾ നടന്നു വരുന്നു. തട്ടുപാറ ഭാഗത്തുള്ള തടയണയുടെ നിർമ്മാണ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ താൽക്കാലി കമായി നിറുത്തി വച്ചിരിക്കുകയാണ്. ബാക്കിയുള്ള പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിച്ച് അത് അംഗീകരിച്ചിട്ടുണ്ട്. മേലൂർ, പരിയാരം പഞ്ചായത്തുകൾക്കിടയിലായി കയ്യാനിക്കടവിൽ തടയണ നിർമ്മാണ പ്രവൃത്തിയുടെ പര്യവേഷണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം - II ന്റെ കീഴിൽ ചാലക്കുടി പുഴയിൽ തുമ്പൂർമുഴി വിയറിന് 3 കി.മീറ്റർ മുകളിലായി വെറ്റിലപ്പാറയിൽ ഒരു ചെക്ക് ഡാമും 12 കി.മീറ്റർ മുകളിലായി കണ്ണൻകുഴിയിൽ ഒരു ചെക്ക്ഡാമും നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയും തുടർന്നുള്ള ഡിസൈനിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മേലൂർ പഞ്ചായത്തിലെ മണ്ടിക്കുന്ന് ഭാഗത്ത് ചാലക്കുടിപ്പുഴയിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഉണ്ട്. തടയണ നിർമ്മാണത്തിനായുള്ള പര്യവേഷണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ഡി) തട്ടുപാറ തടയണയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(ഡി) ചാലക്കുടി പുഴയ്ക്ക് കുറുകെ തട്ടുപാറയിൽ തടയണ നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 165 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. കരാർ ഉടമ്പടി ചെയ്ത കരാറുകാരൻ യഥാസമയം പ്രവൃത്തി ചെയ്ത് തീർക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. ശേഷിക്കുന്ന പ്രവൃത്തികൾക്ക് 2 തവണ ടെണ്ടർ ചെയ്യുകയും 3 തവണ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ക്വട്ടേഷന് അംഗീകാരം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**